LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാ സ്പോർട്സ് കൗൺസിലുകൾക്കാണ് നല്കിയിരുന്നത്. എന്നാൽ 13-5-2003-ലെ കേരളാ സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമനുസരിച്ച്, തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിലിന് ലിസ്റ്റ് തയ്യാറാക്കാൻ നല്കിയിരുന്ന ചുമതല പിൻവലിച്ച് കേരളാ സ്പോർട്സ് കൗൺസിൽ നേരിട്ട് ഈ കോഴ്സുകൾക്ക് കായിക താരങ്ങളെ ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരളാ സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച മാനദണ്ഡമനുസരിച്ചാണ് സ്പോർട്സ് കോട്ട പ്രവേശനത്തിന് അപേക്ഷകരെ ശുപാർശ ചെയ്യുന്നത്. ഓരോ വിഭാഗം സ്പോർട് മികവുകൾ, വിവിധ തലത്തിലുള്ള പ്രാതിനിധ്യം എന്നിവ മുൻഗണനാക്രമത്തിൽ നിശ്ചയിച്ചു കൊണ്ടുള്ള മാനദണ്ഡം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(10-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത 2520, 2560, 2569, 2575 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണികരൽ

(1) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനങ്ങളിൽ അർഹമായ സംവരണാനുകൂല്യങ്ങൾ ലഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. കെ. ബാലൻ : സംസ്ഥാന സർവ്വീസിൽ എസ്.സി./എസ്.ടിയുടെ പ്രാതിനിധ്യം അവലോകനം ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സാധാരണ നിലയിൽ ഓരോ വർഷവും റിവ്യൂ കമ്മിറ്റി ചേരേണ്ടതാണ്. പക്ഷേ അത് കൃത്യമായി നടക്കാത്തതിന്റെ ഫലമായി ഈ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ലഭിക്കേണ്ട നിയമപരമായ, ഭരണപരമായ ആനുകൂല്യം ലഭിക്കുന്നില്ല. സർക്കാർ സർവ്വീസിലെ പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ട ഭരണപരമായ ബാധ്യത ഗവൺമെന്റിനുണ്ട്. കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾ 14(എ) പ്രകാരം 8 ശതമാനം പട്ടികജാതിക്കാർക്കും 2 ശതമാനം പട്ടികവർഗ്ഗക്കാർക്കും ആനുകൂല്യം ലഭിക്കേണ്ടതാണ്. ഇത് അവലോകനം ചെയ്യുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു റിവ്യൂ കമ്മിറ്റിയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു പ്രാവശ്യം മാത്രമാണ് റിവ്യൂ നടത്തിയത്. ആ റിവ്യൂ കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു പുറമെ വകുപ്പുമന്ത്രി ഡോ. കുട്ടപ്പൻ പങ്കെടുത്തിരുന്നു. അവലോകനത്തിന് തയ്യാറായ പത്തു വകുപ്പുകളുടെ സ്ഥിതി വളരെ ദയനീയമാണ്. മൊത്തം 116 വകുപ്പുകളിൽ പത്തു വകുപ്പുകൾ മാത്രമേ റിവ്യൂ ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തസ്തികയടക്കം നിയമനം നടത്തിയതായ കണക്ക് കള്ള കണക്കാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ പ്രവണതയെ ശക്തമായി എതിർത്തതാണ്. ഡിപ്പാർട്ടുമെന്റിൽ നിന്ന്

9.30 AM]

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തത് ശരിയായ പ്രോഫോർമയിലല്ല. അതുകൊണ്ടുതന്നെ നിയമനത്തിന് വല്ലാത്ത കാലതാമസം വരുന്നു. ഇത് ബോധപൂർവ്വമാണ് ചെയ്യുന്നതെന്ന് സംശയിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഡോ. കുട്ടപ്പൻ തന്നെ യോഗത്തിൽ പറഞ്ഞതാണ്. റിസർവേഷൻ മനഃപൂർവ്വം ലംഘിക്കുന്ന ഉദ്യോഗസ്ഥൻമാരെ ശിക്ഷിക്കുന്നതിന് യു.പി.-യിൽ ഒരു പീനൽ പ്രൊവിഷനുണ്ട്. ആ രൂപത്തിൽ ഇവിടെ ഒരു പീനൽ പ്രൊവിഷൻ വയ്ക്കുന്നത് നന്നായിരിക്കും. ചില ഡിപ്പാർട്ടുമെന്റുകൾ നാളിതുവരെ റിവ്യൂ കമ്മിറ്റിയിൽ പങ്കെടുത്തിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഇപ്പോൾ ഗസറ്റഡ് പോസ്റ്റിൽ 60-ഉം നോൺഗസറ്റഡ് പോസ്റ്റിൽ 21-ഉം ഒഴിവുകളുണ്ട്. എക്സൈസിൽ 98 ഒഴിവുകളുണ്ട്. സിവിൽ സപ്ലൈസിൽ കംപ്ലീറ്റ് ഡെപ്യൂട്ടേഷനിലാണുള്ളത്. അവിടെ റിസർവേഷൻ കംപ്ലൈ ചെയ്യുന്നില്ല. ഫയർ സർവ്വീസിൽ 53 ഒഴിവുകളുണ്ട്. വ്യവസായ വകുപ്പിൽ 61 ഒഴിവുകളുണ്ട്. സബോർഡിനേറ്റ് ജുഡീഷ്യറിയിൽ 31 ഒഴിവുകൾ കിടക്കുകയാണ്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വിംഗിലും ഒരു ഒഴിവുണ്ട്. വനം വകുപ്പിൽ എട്ട് ഒഴിവുകൾ കിടക്കുകയാണ്. എൻ.സി.സി. വകുപ്പിൽ ഒഴിവുള്ള 339-ൽ ഏഴു പേരെ മാത്രമേ നിയമിച്ചിട്ടുള്ളൂ. ബാക്കിയുള്ള വരെ നിയമിച്ചിട്ടില്ല. സഹകരണ വകുപ്പിൽ പതിനാല് തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. പത്ത് വകുപ്പുകൾ നോക്കുന്ന സമയത്താണ് ഇത് മനസ്സിലാക്കുവാൻ കഴിഞ്ഞത്. ശേഷിക്കുന്ന വകുപ്പുകൾകൂടി പരിശോധിച്ചു കഴിഞ്ഞാൽ പത്ത് ശതമാനം റിസർവേഷൻ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് വ്യക്തമാകും. ഭരണഘടനാപരമായ അവകാശമാണ് ഇവിടെ ലംഘിക്കുന്നത്. പത്തു ശതമാനമെന്നുള്ളത് ഒരു ഔദാര്യമല്ല. പിന്നോക്ക വിഭാഗങ്ങൾക്കടക്കം അൻപതു ശതമാനം മൊത്തം റിസർവേഷനുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽത്തന്നെ, ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധിച്ചിട്ടുണ്ടാകും, ഇപ്പോൾ പതിനെണ്ണായിരം ഒഴിവുകളുണ്ടെന്ന് അതിൽ പറഞ്ഞതാണ്. ആ രൂപത്തിൽ നമ്മൾ ഇവിടെ ഒരു കമ്മീഷൻവച്ച് നോക്കിക്കഴിഞ്ഞാൽ എസ്.സി/എസ്.ടി വിഭാഗത്തിലുള്ള റിസർവേഷന്റെ യഥാർത്ഥ ചിത്രം നമുക്ക് മനസ്സിലാക്കുവാൻ പറ്റും. വിവിധ വകുപ്പുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യവുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ജൂൺ മുപ്പതാം തീയതി നൽകിയ മറുപടിയിൽ 46 എണ്ണം പരിശോധിച്ചതിൽ പതിനെട്ടെണ്ണത്തിലും റിസർവേഷൻ തത്വം പാലിച്ചിട്ടില്ല എന്നുപറഞ്ഞു. ആ രൂപത്തിൽ വിവിധ വകുപ്പുകളിൽ റിസർവേഷൻ തത്വം നാളിതുവരെ പാലിച്ചിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് റിസർവേഷൻ കംപ്ലൈ ചെയ്തിട്ടില്ല എന്നു പറയുമ്പോൾ ഓരോ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചും മുഖ്യമന്ത്രി തയ്യാറാക്കിയ റെഡിമെയ്ഡ് മറുപടിയല്ല ഞാൻ പ്രതീക്ഷിക്കുന്നത് അതുകൊണ്ട് വിവിധ വകുപ്പുകളിൽ റിസർവേഷൻ പരിപൂർണ്ണമായി അപ്ലൈ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കുന്നതിന് എം.എൽ.എ.-മാരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാണോ എന്നുള്ളതാണ് കാളിംഗ് അറ്റൻഷനുമായി ബന്ധപ്പെട്ടുള്ള എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പട്ട ശ്രീ. ബാലൻ ഉന്നയിച്ച പ്രശ്നം ഗവണ്മെന്റ് വളരെ പ്രാധാന്യത്തോടുകൂടി കാണുന്ന ഒന്നാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റ് അനുസരിച്ചുള്ള പൂർണ്ണമായ നിയമനം നടത്തണമെന്ന് ഗവൺമെന്റിന് ഉദ്ദേശമുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി കൂടാതിരിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ബാലൻ പറഞ്ഞു. ഞാൻ വന്നതിനുശേഷം കഴിഞ്ഞ വർഷം കൂടി. വീണ്ടും അടുത്ത മീറ്റിംഗിന് തീയതി നിശ്ചയിച്ചിട്ടുണ്ട്. അങ്ങേക്ക് നോട്ടീസ് കിട്ടിക്കാണും. ഇത് രണ്ടാമത്തെ മീറ്റിംഗാണ്. വർഷങ്ങളോളം കൂടാതിരുന്നതിനു ശേഷം ഈ കമ്മിറ്റിയുടെ യോഗം വീണ്ടും വിളിച്ചുകൂട്ടിയത് ഞാൻ വന്നപ്പോഴാണ്. എത്ര വർഷം കൂടാതിരുന്നു എന്നുള്ള വിവരം അങ്ങേക്കറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, കഴിഞ്ഞ ഗവൺമെന്റ് കാണിച്ച അലസത ഈ ഗവൺമെന്റ് ഈ കാര്യത്തിൽ കാണിക്കുന്നില്ല എന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, ചില ഡിപ്പാർട്ടുമെന്റുകൾ ഈ കാര്യത്തിൽ വീഴ്ച വരുത്തുന്നുണ്ട്. തീർച്ചയായിട്ടും ഗവൺമെന്റ് അത് ഗൗരവമായിട്ട് കാണുകയാണ്. വളരെ കർശനമായി എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും നിർദ്ദേശം കൊടുക്കും. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും അവകാശപ്പെട്ട കാര്യം പൂർണ്ണമായി ഫിൽ ചെയ്യുന്നതിനു വേണ്ടിട്ടുള്ള നിർബന്ധമായ നിലപാട് സ്വീകരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. അടുത്ത യോഗത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പടെയുള്ളവർ വന്നിട്ട് വിശദമായി ഈ കാര്യം ചർച്ച ചെയ്യാം. എം.എൽ.എ.-മാരാണ് യോഗത്തിൽ പ്രധാനമായി വരുന്നത്. ഉദ്യോഗസ്ഥൻമാർ മറുഭാഗത്തും. അതുകൊണ്ട് എം.എൽ.എ.-മാർ തന്നെയുള്ള കമ്മിറ്റിയിലാണ് നമ്മൾ ചർച്ച ചെയ്യാൻ പോകുന്നത്. വളരെ വിശദമായി ചർച്ച ചെയ്യാം. നിങ്ങൾ ഉന്നയിക്കുന്ന ന്യായമായ പ്രശ്നങ്ങൾ അല്ലെങ്കിൽ നിങ്ങളുടെ ആക്ഷേപങ്ങൾ അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി എടുത്ത് അതിന് പരിഹാരമുണ്ടാക്കും. പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും മുഴുവൻ അവകാശങ്ങളും നേടിയെടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറിന്റെ പൂർണ്ണമായ പിന്തുണയുണ്ടാകും എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ കീഴിൽ വിവിധ വകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾക്ക് പാലിക്കേണ്ട സംവരണ തത്വങ്ങൾ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂളിൽ 14 മുതൽ 17 വരെയുള്ള ജനറൽ റൂളിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങളിൽ ഈ സംവരണതത്വം പാലിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ സംവരണാനുകൂല്യം നല്കുന്നുണ്ട് ഈ തസ്തികകളിലേക്കുള്ള നിയമനത്തിന് പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന ലിസ്റ്റുകളിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ആവശ്യാനുസരണം ലഭിക്കാത്ത ഒരു സാഹചര്യമുണ്ട്. ഈ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനങ്ങൾ നടത്താറുണ്ട്. മാത്രമല്ല, ഇതുവരെയുള്ള നിയമപ്രകാരം ഓരോ വർഷവും ജനുവരി മാസം ഒന്നാം തീയതി പട്ടികജാതി-പട്ടികവർഗ്ഗ ജീവനക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രാതിനിധ്യം വകുപ്പു തിരിച്ച് അവലോകനം ചെയ്ത് പ്രാതിനിധ്യ കുറവു കാണുന്ന വകുപ്പുകളിൽ മതിയായ പ്രാതിനിധ്യം നൽകുന്നു. അപ്രകാരം സംവരണം ചെയ്യപ്പെടുന്ന തസ്തികകളിൽ നിയമനം എത്രയും വേഗം നടത്തുന്നതിന് പി.എസ്.സി.-യുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പുതലവൻമാർക്കും നിയമന അധികാരികൾക്കും സമയാസമയങ്ങളിൽ വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. എന്നിട്ടും ഈ നിർദ്ദേശങ്ങൾ പാലിക്കാത്ത ഡിപ്പാർട്ടുമെന്റുകളുണ്ട്. വകുപ്പു തലവന്മാരുണ്ട്. ഗവൺമെന്റ് ശക്തമായിത്തന്നെ ഈ പ്രശ്നം കൈകാര്യം ചെയ്യും. അടുത്ത യോഗത്തിൽവച്ച് ഇത് സംബന്ധിച്ച് നമുക്ക് വ്യക്തമായ തീരുമാനങ്ങളെടുക്കാം. ഈ പ്രശ്നത്തിന് ഗവൺമെന്റ് മുന്തിയ പരിഗണന കൊടുക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. എ. കെ. ബാലൻ : 15-2-2003-ൽ വിളിച്ച റിവ്യൂ കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്തിട്ടുണ്ട്. അതിൽ മുഖ്യമന്ത്രി ശക്തമായ നിലപാടെടുത്തു. ഇല്ല എന്നു ഞാൻ പറയുന്നില്ല. ഇനി വിളിക്കാൻ പോകുന്ന യോഗം പൊതുമേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള റിസർവേഷനാണ് പരിശോധിക്കുന്നത്. ഈ വിധി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതല്ല. ഇതിൽ ഗസറ്റഡും നോൺഗസറ്റഡും ക്ലാസ് ഫോർ വിഭാഗങ്ങളിൽ പത്ത് ശതമാനം റിസർവേഷൻ ഭരണഘടനാപരമായ രീതിയിൽ നിറവേറ്റിയിട്ടില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് യു.പി ഗവൺമെന്റ് ചെയ്തതുപോലെ ഇത് കൃത്യ സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ ബാധ്യതപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടുപോലും നമുക്ക് ഇത് ഫുൾഫിൽ ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് കൃത്യ സമയത്ത് ഡിപ്പാർട്ടുമെന്റ് പി.എസ്.സി.-ക്ക് ഇത് റിപ്പോർട്ട് ചെയ്യുന്നില്ലായെങ്കിൽ ആ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന്റെ തലവൻമാർക്കെതിരെ യു.പി ഗവൺമെന്റ് ചെയ്തതുപോലെ പീനൽ പ്രൊവിഷൻ ഇവിടെ എടുക്കുന്നതിന്, സ്റ്റാറ്റ്യൂട്ടറി ആക്ട് എടുക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ രൂപത്തിൽ ഒരു നീക്കം നടത്തുമോ ; മൊത്തം എത്ര പോസ്റ്റാണ് ഇപ്പോൾ ഒഴിവുള്ളത് എന്നുള്ളതു സംബന്ധിച്ച് വ്യക്തമായ ഒരു കണക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയുടെ മുമ്പിൽ വയ്ക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. എ. കെ. ആന്റണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇപ്പോഴും കാര്യമായി ഈ കാര്യങ്ങൾ ശ്രദ്ധിക്കാത്ത ഡിപ്പാർട്ടുമെന്റുകളുണ്ട്. അവരുടെ ചുമതലകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ ശക്തമായ താക്കീത് ഗവൺമെന്റ് നൽകുന്നതാണ്. മറ്റ് സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾ പരിശോധിച്ചതിനുശേഷം ഇവിടെ ഈ സ്പെഷ്യൽ റിക്രൂട്ടമെന്റ് കൂടുതൽ ഫലപ്രദമാക്കാൻ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് ഗവൺമെന്റ് ഫലപ്രദമായിട്ട് ആലോചിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly